Kerala Prisons &
Correctional Services

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
ഫോൺ : 0471-2342532
ഇമെയിൽ:keralaprisons@gov.in
തീയതി : 19-11-2019

# സർക്കുലർ നം 58

ജയിലുകളിൽ നിന്നും ചികിൽസക്കായി ആശുപത്രികളിലെത്തിക്കേണ്ട തടവുകാരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. ഈ ആവശ്യത്തിനായി സമയക്രമം പാലിക്കാനാവില്ലെന്നതിനാൽ ജീവനക്കാരും, വാഹനസൌകര്യവും എപ്പോഴും തയ്യാറാക്കിയിരിക്കേണ്ടത് അത്യാവശ്യമാണ്. തടവുകാരുടെ ചികിൽസയുടെ കാര്യത്തിൽ പിഴവോ, സമയ നഷ്ടമോ ഉണ്ടാകാൻ പാടില്ലെന്ന് സർക്കാരും, ജയിൽ വകുപ്പും, മനുഷ്യാവകാശകമ്മീഷൻ ഉൾപ്പെടെയുള്ള ഏജൻസികളും നിഷ്കർഷിച്ചിട്ടുള്ളതാണ്. സർക്കാർ തന്നെ ജയിൽ വകുപ്പിന് സ്വയം പര്യാപ്തമായ ആംബുലൻസ് സർവീസ് വേണമെന്ന കാഴ്ചപ്പാടോടെ സഹായിച്ച് വരുന്നുണ്ട്. എന്നാൽ എല്ലാ സ്ഥാപനങ്ങൾക്കും ആംബുലൻസുകൾ അനുവദിക്കാൻ സാധിച്ചിട്ടില്ല.

പല ജയിൽ സ്ഥാപന മേധാവികളും എം.പി / എം.എൽ.എ. മാരുടെ പ്രാദേശിക വികസന / ആസ്തി വികസന ഫണ്ടുകളിൽ നിന്നും ആംബുലൻസ് അനുവദിപ്പിക്കാൻ ശ്രമിച്ച് വിജയിക്കുകയും ചിലർ സന്നദ്ധ പ്രവർത്തകരുടെയും, സംഘടനകളുടെയും സഹായത്താൽ ആംബുലൻസ് സംഭാവനയായി ലഭ്യമാക്കാൻ പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. മാതൃകാപരമായ ഇത്തരം പ്രവർത്തനങ്ങളിൽ ഊന്നൽ നല്കി ജയിൽ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ജയിൽ സ്ഥാപന മേധാവികൾ ശ്രമിക്കേണ്ടതാണ്. ഈ മാർഗത്തിൽ ആംബുലൻസ് നേടാൻ പരിശ്രമിച്ച് വിജയിക്കുന്ന ഉദ്യോഗസ്ഥർക്ക് പാരിതോഷികവും, സത്സേവനാംഗീകാരവും നൽകുന്നതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും.

G4-26607/2019/PrHQ

ff2c4e